# തവനൂർ ഗ്രാമപഞ്ചായത്ത്

**വാർഡ് പത്ത് (തൃക്കണാപുരം വെസ്റ്റ്) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.**

**( 2018-2019സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31വരെ നടന്നിട്ടുള്ള  പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് - കരട്)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യൂണിറ്റ്/പൊന്നാനി ബ്ലോക്ക്**

**സമർപ്പണം: പത്താം വാര്ഡ് ഗ്രാമസഭ മുമ്പാകെ.**

തൊഴിലുറപ്പ് പദ്ധതിയില് ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി തവനൂർ ഗ്രാമ പഞ്ചായത്തിന്റെ പത്താംവാർഡിൽ നടത്തിയ 2018-19 വർഷത്തിലെ ഒക്ടോബർ 1മുതൽ മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.

**ആമുഖം**

ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുതുനതിനു വേണ്ടി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്തംബര് 5 നു പാര് ലമെന് റ് പാസ്സാക്കി.നിയമത്തിന്റെ പിന്ബലമുള്ള അവകാശധിശാധിഷ്ട്ടിത പദ്ധതിയാണിത്.സ്ത്രീക്കും പുരുഷനും തുല്യ വേതനംഉറപ്പു വരുതുന്നതിനോടൊപ്പം ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും 100 ദിവസത്തെ വേതനതോട് കൂടിയ അവിധ്ഗ്ത കായിക തൊഴില് ഈ നിയമം ഉറപ്പു വരുത്തുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട തവനൂർ ഗ്രാമപഞ്ചായത്ത് 25.28 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. വടക്കും കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ ഭാരതപ്പുഴ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തിന്റെ തെക്കുഭാഗത്ത് കാലടി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു.സ്ഥിതിചെയ്യുന്ന തവനൂർ സ്ഥലനാമപുരാണത്തിൽ 'താപസനൂർ' ആണ്. പ്രാക് ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന അനേകം ഗുഹകളും മൺപാത്രശേഖരങ്ങളും ഇവിടെകണ്ടെത്തിയിട്ടുണ്ട്. കാവുകൾ ധാരാളമുള്ള തവനൂർ ഒരിക്കൽ ദ്രാവിഡ സംസ്കൃതിയുടെ ഈറ്റില്ലമായിരുന്നു. കോഴിപ്പുറത്ത് മാധവമേനോൻ, എ.വി. കുട്ടിമാളുഅമ്മ എന്നിവർ ദേശീയ പ്രസ്ഥാനത്തിന് തവനൂരിൽ അടിത്തറ പാകി. കേരള ഗാന്ധി എന്നറിയപ്പെട്ടിരുന്ന കെ.കേളപ്പന്റെ നേതൃത്വത്തിൽ ദേശീയ പ്രസ്ഥാനം തവനൂരിൽ ശക്തി പ്രാപിച്ചു. 1948-ൽ ഗാന്ധിജിയുടെ ചിതാഭസ്മം തവനൂരിലും നിമജ്ജനം ചെയ്യപ്പെട്ടു. കേരളത്തിലെ വലിയ പഞ്ചായത്തുകളിൽ ഒന്നാണ് തവനൂർ. ഭാരതപ്പുഴയുടെ സാമീപ്യം തവനൂരിനെ ഒരു കാർഷിക ഗ്രാമമാക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നു. പ്രധാന വിളയായ നെല്ലിനു പുറമേ പയർ, എള്ള്, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക്, കവുങ്ങ്, റബ്ബർ എന്നിവയും ഇവിടെ കൃഷിചെയ്യുന്നു.

കെ.എസ്.ആർ.ടി.സിയുടെ ഒരു റീജിയണൽ വർക്ഷോപ്പും കെൽട്രോണിന്റെ ഒരു യൂണിറ്റും ഈ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നു. ഫർണിച്ചർ നിർമ്മാണം, അടയ്ക്ക സംസ്കരണം തുടങ്ങിയവയിലേർപ്പെട്ടിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ തവനൂരിന്റെ ഉത്പാദനമേഖലയെ സമ്പന്നമാക്കുന്നു. നാളികേരസംസ്കരണവും തുകൽച്ചെരിപ്പുനിർമ്മാണവും എടുത്തുപറയത്തക്ക കുടിൽ വ്യവസായങ്ങളാണ്. സ്കൂളുകൾ, ആതുര ശുശ്രൂഷാകേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ എന്നിവ ഇവിടത്തെ പ്രധാന പൊതുസ്ഥാപനങ്ങളാണ്. പഞ്ചായത്ത് അതിർത്തിയിൽനിന്ന് ഒരു കി.മീ. അകലെയാണ് കുറ്റിപ്പുറം റെയിൽവേ സ്റ്റേഷൻ. തൃശൂർ-കുറ്റിപ്പുറം ഹൈവേയും നാഷണൽ ഹൈവേ 17-ഉം ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്.2011 സെൻസസ് പ്രകാരം 34500പേർ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 17212 പേർ സ്ത്രീകളും 16258 പേർ പുരുഷൻമാരുമാണ്.ആകെ 19 വാർഡുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്.ഇതില് 10-ആം വാര് ഡായ തൃക്കണാപുരം വെസ്റ്റ് സോഷ്യല് ഓഡിറ്റ് പ്രക്രിയക്കായി തെരഞ്ഞെടുത്തത്.0.965 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള തൃക്കണാപുരം വെസ്റ്റ്

വാർഡിലെ ആകെ ജനസംഖ്യ 2463ആണ്.അതിൽ 1095പേർ സ്ത്രീകളും 1368 പേർ പുരുഷൻമാരുമാണ്.വാർഡ് പൊതുവെ ജനവാസകേന്ദ്രങ്ങളായ ചെങ്കൽ കുന്നുകളും ചെറിയൊരു ഭാഗം വയലുകളും നിറഞ്ഞതാണ്. വാർഡ് പൂർണ്ണമായും ഭാരതപ്പുഴയുടെ വൃഷ്ടി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. തെങ്ങാണ് വാർഡിലെ പ്രധാന കാർഷികവിള. കൂടാതെ വാഴ, പച്ചക്കറികൾ, കുറഞ്ഞ അളവിൽ നെല്ല് എന്നിവയും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്.

**രീതി ശാസ്ത്രം**

തവനൂർ പഞ്ചായത്തിലെ പത്താംവാർഡിലെ(തൃക്കണാപുരം വെസ്റ്റ്)സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി നടത്തിയ പ്രവര് ത്തനങ്ങള് : 2019 ഒക്ടോബർ 30 മുതൽ നവംബർ 6 വരെയാണ് തൃക്കണാപുരം വെസ്റ്റ്)വാർഡിൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായുള്ള വിശദമായ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനകളും നടക്കുന്നത്.2018 ഒക്ടോബർ ഒന്നിനു ശേഷം നടന്നിട്ടുള്ള പ്രവർത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നത് മഹാത്മ ഗാന്ധി NREGA യുടെ ഉദ്യോഗസ്ഥരും പഞ്ചായത്തിലെ മറ്റു ഉദ്യോഗസ്ഥരും വളരെയധികം സഹകരിച്ചു.തവനൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. കൂടാത ജോയിൻറ് ബി.ഡി.ഒ, ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, ജെപിസി എന്നീ ഉദ്യോഗസ്ഥന്മാരുടെയും പൂർണപിന്തുണ സോഷ്യൽ ഓഡിറ്റിന് ഉണ്ടായിരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾക്ക് മേറ്റായ ശ്രീമതി വത്സലഅവരുടെ സമയവും അറിവും അധ്വാനവും സ്വമേധയാ നൽകിയിട്ടുണ്ട്. വ്യക്തിജീവിതത്തിലെ പ്രതിസന്ധികൾക്കിടയിലും ഇതിനു സമയം കണ്ടെത്തിയ മേറ്റിന്റെ സമീപനം പ്രത്യേകം സ്മരിക്കുന്നു. വാർഡ് മെമ്പർ ശ്രീമതി. സിന്ധു അവരുടെഅറിവുകളും സമയവും സോഷ്യൽ ഓഡിറ്റിനു വേണ്ടി നൽകിയിരുന്നു. പഞ്ചായത്ത് സെക്രട്ടറിയും വളരെയധികം സഹായകമായ നിലപാടാണ് സ്വീകരിച്ചത്. വർക്ക് ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിശദമായ പരിശോധന, പ്രവർത്തി നടന്നിട്ടുള്ള സ്ഥലങ്ങളുടെ നേരിട്ട് ചെന്ന് വിശദമായ പരിശോധന, വീടുവീടാന്തരം കയറിയിറങ്ങിയുള്ള ഗുണഭോക്താക്കളുമായുള്ള അഭിമുഖങ്ങൾ, അങ്ങനെ വിശദമായ പ്രവർത്തനങ്ങളാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിട്ടുള്ളത്.

**തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ**

1. തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം
2. അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

**<u>പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങൾ</u>**

**തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലെ തൊഴിലുറപ്പു വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എഞ്ചിനീയറും (ശ്രീ അമ്പു ഗണേശൻ) ഓവർസിയറും (ശ്രീ റഹീം) രണ്ട് ഡി.ഇ.ഒ /അക്കൗണ്ടന്റുമാരും (ശ്രീമതിദ്യശ്യ, ശ്രീമതി അജിഷ) ഇതുകൂടാതെ വാർഡ് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ ശ്രീമതി സിന്ധു. വാർഡിലെ വിജിലൻസ് ആൻഡ് മോണിറ്ററിങ്ങ് കമ്മിറ്റി അംഗങ്ങള് എന്നിവരുമുണ്ട്.**

**തവനൂർ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ തൊഴിലുറപ്പ് പദ്ധതി**

**തൃക്കണാപുരം** വെസ്റ്റ് വാർഡിൽ ആകെ 236തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.ഇതിൽ 26പേർ സജീവ തൊഴിലാളികളാണ ഉണ്ടായിരുന്നത് എന്നാൽ ഇപ്പോൾ 18പേരാണ് തൊഴിൽ ചെയ്യുന്നത്.

ഈ വാർഡിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

**1. കിണർ ആൾമറ നിർമ്മാണം ഇബാഹിം(IF/217317)**

**2. കിണർ ആൾമറ നിർമ്മാണം മോഹനൻ(IF/336505)**

**3. IHHL നിർമ്മാണം അംബിക ദേവി(IF/353738)**

**4. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് , ജലസംരക്ഷണം.(IF/368181)**

**7 രജിസ്റര് പരിശോധന സംബന്ധിച്ച്.**

- തൊഴില് കാര് ഡ് രജിസ്ററില് 2018- വരെ അപേക്ഷിച്ചവരുടെ വിവരങ്ങള് മാത്രമേ കാണാന് കഴിഞ്ഞുള്ളു. തൊഴില് കാര് ഡ് വിതരണ രജിസ്റര് പരിശോധിച്ചപ്പോള് 2019ല് 1 ആൾ ക്ക് ( സറഫുനീസ പെരുമ്പറമ്പത്ത്10/364)നല്കിയതായി കാണാന് കഴിഞ്ഞു. എന്നാല് MIS പ്രകാരമുള്ള രജിസ്ററില് ഈ സാമ്പത്തിക വര്ഷം 13 കുടുംബങ്ങള് ക്ക് തൊഴില് കാര് ഡ് അനുവദിച്ചതായി കാണുന്നു.
- തൊഴില് രജിസ്ടര് പരിശോധിച്ചപ്പോള് വേതനം വൈകിയതിന്റെ വിവരങ്ങള് ഒന്നും കാണാൻ സാധിച്ചു..

  തൊഴില് ആവശ്യപ്പെട്ടതും തൊഴില് അനുവദിച്ച വിവരങ്ങളും രജിസ്ററില് രേഖപ്പെടുത്തിയതായി കണ്ടു. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന പ്രവൃത്തിയുടേതാണ് കണ്ടത്.
- വര്ക്ക് രജിസ്റര് പരിശോധിച്ചപ്പോള് 10ാം വാർഡിലെ 3പ്രവൃത്തികള് രേഖപ്പെടുത്തിയതായി കാണാൻ കഴിഞ്ഞു. 1 പ്രവൃത്തി (IF/353738)) കാണാൻ കഴിഞ്ഞില്ല.
- പരാതി രജിസ്ററില് 21/10/2019 ഫാത്തിമ്മ, പത്മിനി, ശ്യാമള എന്നിവർ മഹാത്മ ഗാന്ധി NREGA ഓഫീസിലെ അസൗകര്യങ്ങളെക്കുറിച്ച് പരാതിപ്പെട്ടതായി കണ്ടു.
- മെറ്റീരിയല് രജിസ്ററില് 2018-19 സാമ്പത്തിക വര്ഷത്തിൽ 2 പ്രവൃത്തിയുടെ(IF/353738,IF/368181)വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എം.ബുക്കിൽ

രേഖപ്പെടുത്തിയ തുകയും രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ നേരിയ വിത്യാസം കാണാൻ സാധിച്ചു.

- ഗ്രാമ സഭാ രജിസ്ടര്‍ :2018-2019 വര്‍ഷത്തെ സോഷ്യല്‍ ഓഡിറ്റ് റിപ്പോര്‍ട്ട് അവതരണത്തിന്റെയും 2019-20 സാമ്പത്തിക വര്‍ഷത്തേക്കുള്ള വാര്‍ഷിക കര്‍മ്മ പദ്ധതി തയ്യാറാക്കുന്നതിന്റെയും ഭാഗമായി ഗ്രാമസഭ ചേര്‍ന്നതായി റജിസ്ററില്‍ കാണുന്നുവെങ്കിലും അതിന്റെ മിനിറ്റ്സ് , തീരുമാനങ്ങള്‍ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ 2019-20സാമ്പത്തിക വര്‍ഷത്തില്‍ വാര്‍ഡില്‍ നടപ്പിലാക്കേണ്ട പ്രവര്‍ത്തികളെ സമ്പന്തിച്ച വിവരങ്ങള്‍ രേഖപ്പെടുത്തി കണ്ടില്ല. പഞ്ചായത്തില്‍ പരിശോധിച്ച 7 രജിസ്റ്ററുകളും കാലാനുസ്ര്തമായി പുതുക്കിയിട്ടില്ല.

## വര്‍ക്ക് ഫയലുകള്‍

4 പ്രവര്‍ത്തികളുടെ വര്‍ക്ക് ഫയല്‍ പരിശോധിച്ചപ്പോള്‍ , Annual Master Circular അദ്ധ്യായം -7 പ്രകാരം ഒരു വര്‍ക്ക് ഫയലില്‍ ഉണ്ടായിരിക്കേണ്ട 22 – രേഖകളിൽ 1പ്രവൃത്തിയിൽ മാത്രം (IF/368181)18രേഖകള്‍ കാണാൻ കഴിഞ്ഞു. ബാക്കി 3 പ്രവൃത്തികളിലും (IF/217317,IF/336505,IF/353738) 10-13 രേഖകളെ കാണാൻ കഴിഞ്ഞിട്ടൊള്ളൂ.

ഫയലില്‍ ലഭ്യമല്ലാത്ത രേഖകള്‍

സംയോജിത പദ്ധതി വിവരങ്ങള്‍ , സാധനങ്ങള്‍ വാങ്ങിയതിന്റെ വിവരങ്ങള്‍ , സാധനങ്ങള്‍ വാങ്ങിയതിന്റെ ബില്ലുകള്‍ ,,റോയല്‍റ്റി, ജിയോ ടാഗുള്ള ഫോട്ടോകള്‍ , , സോഷ്യല്‍ ഓഡിറ്റ് റിപ്പോര്‍ട്ടിന്‍റെ കോപ്പി,

## കവര്‍ പേജ്.

- പരിശോധിച്ച 4ഫയലുകളില്‍ കവര്‍ പേജിലെ വിവരങ്ങള്‍ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.
- കവര്‍ പേജില്‍ വര്‍ക്കിന്റെ പേര് ,വര്‍ക്ക് കോഡ്,പഞ്ചായത്ത്,പ്രവൃത്തി സ്ഥലം,പ്രവൃത്തി ആരംഭിച്ച തീയതി,അവസാനിച്ച തീയതി ,അടങ്ങള്‍ തുക, യഥാര്‍ത്ഥ ചിലവ് ഓവറ്സീയറുടെ ഒപ്പ് ,ഷെൽഫ് ഓഫ് വർക്ക്, സീരിയല്‍ നമ്പര്‍എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാല്‍ ,പ്രവൃത്തിയുടെ വിഭാഗം,ജിയോ ടാഗ് സംബന്ധിച്ച വിവരങ്ങള്‍ സോഷ്യല്‍ ഓഡിറ്റ് വിവരങ്ങള്‍ എന്നിവ കാണുവാന്‍ സാധിച്ചില്ല.

**ചെക്ക് ലിസ്റ്റ്**

- പരിശോധിച്ച 4ഫയലുകളിലും ചെക്ക് ലിസ്റ്റ് കാണുവാന് സാധിച്ചു.
- ചെക്ക് ലിസ്റ്റില് ഓരോ രേഖകളുടെയും പേജ് നമ്പര് ചേര്ത്തിട്ടുണ്ട്.

**ആക്ഷന് പ്ലാന് കോപ്പി**

- തവനൂര് ഗ്രാമ പഞ്ചായത്തില് പരിശോധിച്ച 4ഫയലുകളിലും ആക്ഷന് പ്ലാനിന്റെ കോപ്പി കാണുവാന് സാധിച്ചു.

**എസ്റ്റിമേറ്റ്**

- പരിശോദിച്ച 4 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി ഉള്പ്പെടുത്തിയതായി കാണുവാന് സാധിച്ചു.
- പരിശോധിച്ച 4 ഫയലുകളിൽ ഒരു ഫയലിൽ (IF/353738)മാത്രമേ ജനകീയ എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയതായി കാണാൻ സാധിച്ചത്.ഏതൊരാൾക്കും പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങള് മനസ്സിലാക്കുന്നതിനു ഇത് സഹായകരമാകുന്നു.
- അബ്സ്ട്രക്റ്റ് ഓഫ് എസ്റ്റിമേറ്റ് ,വിശദമായ എസ്റ്റിമേറ്റ് എന്നിവ എല്ലാ ഫയലുകളിലും ഉള്പ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളി-സാധന ഘടകങ്ങള് സംബന്ധിച്ച വിവരങ്ങള് ,റേറ്റ്അനാലിസിസ്,ലീഡ്& ലിഫ്റ്റ് വിവരങ്ങള് ,ബോഡിനെ സംബന്ധിച്ച വിവരങ്ങള് എന്നിവ കൃത്യമായി ചേര്ത്തിട്ടുണ്ട്.
- വര്ക്ക് എസ്ടിമെടില് എ ഇ,ഓവര് സീയര് എന്നിവര് ഒപ്പ് സീല് എന്നിവ കാണുവാന് സാധിച്ചു.എന്നാല് ഒപ്പിനോടൊപ്പം തീയതി രേഖപ്പെട്തിയിടില്ല്യ.

**സാങ്കേതിക അനുമതി**

- പരിശോധിച്ച 4 ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉള് പ്പെടുത്തിയിട്ടുണ്ട്.

- ഭരണാനുമതി നമ്പര് ,തീയതി,എസ്റിമേറ്റ് തുക,തൊഴിലാളി-സാധന ഘടകങ്ങള് എന്നിവ കൃത്യമായി രേഖപ്പെടുത്തി എ ഇ ,ഓവര് സീയര് എന്നിവ ഒപ്പ്,സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാല് തീയതി രേഖപ്പെടുതിയിടില്ല.

**ഭരണാനുമതി**

- പരിശോധിച്ച 4 ഫയലുകളില്ലും ഭരണാനുമതിയുടെ പകര്പ്പ് സൂക്ഷിച്ചിട്ടില്ല.

**മസ്ടര് റോള്**

- പരിശോധിച്ച 4 ഫയലുകളിലും അവിദഗ്ധ,വിദഗ്ധ തൊഴിലാളികളുടെ മസ്ടര് റോളുകള് സൂക്ഷിച്ചിട്ടുണ്ട്.
- ബിഡിഒ,സെക്രട്ടറി,മസ്ടര് റോള് പരിശോധിച്ച ഉദ്യോഗസ്ഥന് ,മേററ് എന്നിവരുടെ ഒപ്പ് ,സീല് എന്നിവ ഉള് പ്പെടുത്തിയിട്ടുണ്ട്.
- തവനൂര് പഞ്ചായത്തുകളിലെ മസ്ടര് റോളുകളില് എം ബുക്ക് നമ്പര് ,പ്രവര് ത്തി ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളികളുടെ ഹാജര് വിവരങ്ങള് ,ഒപ്പ്,ഒരു ദിവസത്തെ വേതനം,ആകെ വേതനം,പണിയായുധങ്ങളുടെ വാടക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- തവനൂര് പഞ്ചായത്തില് ആയുധങ്ങള് മൂര് ച്ച കൂട്ടുന്നതിനുള്ള വാടക തൊഴിലാളികള്ക്ക് കൊടുത്തതായി ഫയലുകളില് രേഖപ്പെടുത്തിയതായി കണ്ടില്ല.
- സെക്രട്ടറി,ബി ഡി ഒ എന്നിവര് ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല.

***കിണർ നിർമ്മാണം മോഹനൻ IF/217317)എന്ന ഫയലിൽ മസ്റ്റ് റോളിൽ വെട്ടി

തിരുത്തലുകൾ കാണാൻ സാധിച്ചു .

**വേജ് ലിസ്റ്റ്**

- ഫയലുകളില് എംഐഎസ് ഇല് നിന്നും ഉള്ള വേജ് ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.
- അവിദഗ്ധ,വിദഗ്ദ്ധ/അര് ദ്ധ വിദഗ്ദ്ഹ തൊഴിലാളികളുടെ വേജ് ലിസ്റ്റുകള് പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.
- പരിശോധിച്ച 4 ഫയലുകളിൽ 3 ഫയലുകളിൽ മാത്രമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ

ഒപ്പ് കാണാൻ സാധിച്ചത്. ഒപ്പിനൊപ്പം തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

**എഫ്.ടി.ഒ**

- പരിശോധിച്ച 4ഫയലുകളിൽ 2 (IF/336505,IF/217317)ഫയലുകളിൽ മാത്രമേ എഫ്.ടി.ഒ കാണാൻ സാധിച്ചത്.
- സാധന ഘടകങ്ങള്‍ ഉള്ള വര്‍ക്കുകളില്‍ എഫ് ടി ഒ കൃത്യമായി സൂക്ഷിച്ചിട്ടുള്ളത്.

**ഡിമാന്‍ ഡ് ഫോം**

- പരിശോധിച്ച 4 ഫയലുകളിൽ 1(IF/368181)ഫയലിൽ മാത്രമാണ് എഴുതിതയ്യാരാക്കിയ തൊഴില്‍ ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രൂപ്പ് അപേക്ഷ കാണുവാന്‍ സാധിച്ചത്.
- ഇതില്‍ തൊഴിലാളികളുടെ പേര് ,തൊഴില്‍ കാര്ഡ് നമ്പര്‍ എന്നിവ മാത്രമാണ് രേഖപ്പെടുതിയിരിയ്ക്കുന്നത്.
- വര്ക്ക് ഫയലില്‍ ഉള്‍ പ്പെടുത്തിയിട്ടുള്ള അപേക്ഷ ഫോമില്‍ പഞ്ചായത്തില്‍ നിന്നും കൈപ്പറ്റിയ മറുപടി രസീറ്റ് ചേര്‍ ത്തിട്ടുണ്ട്.
- ഗ്രൂപ് അപേക്ഷയില്‍ തൊഴിലാളികളുടെ ഒപ്പ്,തീയതി,ആവശ്യപ്പെട്ടിരിക്കുന്ന തൊഴില്‍ ദിനങ്ങള്‍ എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

**വര്‍ ക്ക് അല്ലോകെഷന്‍ ഫോം**

- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയില് മണ്ണ് ജല സംരക്ഷണ പ്രവര്തനങ്ങളുടെ വര്ക്ക് ഫയലുകളില്‍ മാത്രമാണ് വര്‍ ക്ക് അല്ലോക്കേഷന്‍ ഫോം സൂക്ഷിചിടുള്ളത്.അപേക്ഷിച്ച തൊഴിലാളികളുടെ പേര്,തൊഴില്‍ അനുവദിച്ച തീയതി ,കാലയളവ് എന്നിവ കൃത്യമായി ചേര്‍ ത്തിട്ടുണ്ട്.

**മസ്ററര്‍ റോള് മൂവ്മെന്റ് സ്ലിപ്/ഫയല്‍ ട്രാക്കിംഗ് ഫോം**

- തവനൂര്     ഗ്രാമ പഞ്ചായത്തിലെ പരിശോധിച്ച  4വര്ക്ക് ഫയലുകളിലും മസ്റ്റർ റോള് മൂപ് മെന്റ് സ്ലിപാണ് സൂക്ഷിചിരിയ്ക്കുന്നത്.
- ഇതില്     മസ്ടര്     റോള് നമ്പര്     ,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,എം ഐ എസില്     വിഅര്ങ്ങള്     രേഖപ്പ്ടുത്തിയ തീയതി ,എഫ് ടി ഒ ഫസ്റ്റ് സിഗ്നേട്ടറി,സെക്കന്റ് സിഗ്നേട്ടറി തീയതികള്     രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രവൃത്തിയുടെ അളവ് സംബന്ധിച്ച വിവരങ്ങള്     രേഖപ്പെടുത്തിയ തീയതികള് ഉള്     പ്പെടുത്തിയിട്ടില്ല.

**മെറ്റീരിയല്     സംബന്ധിച്ച വിവരങ്ങള്**

- കൊട്ടേഷന്     വിളിച്ചതിന്റെ രേഖകള്     ,കംപാരറ്റീവ് സ്റ്റെമെന്റ്റ്,പര്     ച്ചേസ് ഓര്     ഡര്     എന്നിവയൊന്നും തന്നെ ഫയലുകളില്     കാണുവാന്     സാധിച്ചില്ല.
- ബോര്     ഡിന്     റെ ബില്ലുകള്     ഫയലില്     സൂക്ഷിച്ചിട്ടില്ല.

**സംയോജിത പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങള്**

- പരിശോധിച്ച 4 ഫയലുകളിൽ 1 (IHHL അംബികാദേവി) സംയോജിത പദ്ധതിയാണെങ്കിലും ഫയലിൽ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

**പ്രവൃത്തി പൂര്     ത്തീകരണ സാക്ഷ്യപത്രം**

- പരിശോധിച്ച ഫയലുകളില്     പൂര്     ത്തീകരിച്ച 4 വര്     ക്കുകളില്     പ്രവൃത്തി പൂര്     ത്തീകരണ സാക്ഷ്യപത്രം ഉള്പ്പെടുതിയിട്ടുണ്ട്ന്കിലും രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങള്     അപൂര്ണ്ണമാണ്.
- പ്രവ്യത്തി പൂർത്തികരിച്ച തിയ്യതി, സോഷ്യൽ ഓഡിറ്റ് നടത്തിയ തിയ്യതി, സെർട്ടിഫൈ ചെയ്ത വ്യക്തിയുടെ വിവരങ്ങൾ കാണാൻ സാധിച്ചില്ല. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് കാണാൻ സാധിച്ചില്ല.

**എം ബുക്ക്**

- പരിശോധിച്ച ഫയലുകളില്     എല്ലാം തന്നെ എം ബുക്ക് ഉള്     പ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കില്     പ്രവൃത്തിയുടെ പേര്,എം ബുക്ക് നമ്പര്    ,പേജ് നമ്പര്    ,ഓവര്    സീയര്    ,അക്രെഡിറ്റ് എന്    ജിനീയര്    എ എന്നിവരുടെ ഒപ്പ്,സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്, തീയതി രേഖപെടുത്തിയിട്ടില്ല
- എം ബുക്ക് സെക്രട്ടറി സര്ട്ടിഫൈ ചെയ്തു ഒപ്പ്, സീല്     എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.
- പ്രീ മെഷര്    മെന്റ് ,എ എസ്,ടി എസ് നമ്പര്    ,മാസ്ററ്    റോള് നമ്പര്     എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- അടങ്കല്     തുക,യഥാര്    ത്ഥ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പരിശോധിച്ച 4 ഫയലുകളിൽ 2 പ്രവൃത്തികളുടെ(IF/336505,IF/368181) ഫയലിൽ ബോർഡിനു ചെലവായ തുക രേഖപ്പെടുത്തിയിട്ടുണ്ട്.

**ഫോട്ടോഗ്രാഫ്**

- പരിശോധിച്ച 4 ഫയലുകളിലും പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ്കാണുവാന്     സാധിച്ചിട്ടില്ല.

**ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്**

- പരിശോധിച്ച ഫയലുകളിലോന്നും തന്നെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഉള്     പ്പെടുത്തിയിട്ടില്ല.

**സൈറ്റ് ഡയറി**

- പരിശോധിച്ച പ്രവൃത്തികളുടെ 4ഫയലുകളിൽ 1 ഫയലിൽ( IF/368181)മാത്രമാണ് സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുള്ളത്.

- പ്രവൃത്തിയുടെ പേര്,കോഡ്,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,അടങ്കല് തുക,യഥാര് ത്ഥ ചെലവ്,ചെക്ക് ലിസ്റ്,പ്രവൃത്തി ആരംഭ മീറ്റിങ്ങിന്റെ വിവരങ്ങള് ,തൊഴിലാളികളുടെ സാക്ഷ്യപത്രം,വിജിലെന്സ് ആന്റ് മോനിട്ടരിംഗ് കമ്മിറ്റിയുടെ വിവരങ്ങള് ,സന്ദര്ശക കുറിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പണിയായുധതിന്റെ വാടക സംബന്ധിച്ച വിവരങ്ങള് ,പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങള് ,ചികില്സചെലവ് സംബന്ധിച്ച വിവരങ്ങള് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

**കണ്ടെത്തലുകള്**

- ജനകീയ എസ്റ്റിമേറ്റ് ഒരു ഫയലിൽ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത്.(IF/353738)മാത്രമല്ല മസ്റ്റര് റോളുകളില് എം ബുക്കിന്റെ നമ്പരുകള് രേഖപ്പെടുത്തിയാതായും കാണാന് കഴിഞ്ഞിട്ടുണ്ട്. ഇത് മാതൃകാപരമായ ഒരു പ്രവര് ത്തിയാണ്.
- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് , ജലസംരക്ഷണം, പ്രവൃത്തി നടന്ന സ്ഥലങ്ങളുടെ വിവരങ്ങള് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല ഇതുമൂലം ഫീൽഡ് പരിശോധന സമയത്ത് പ്രവൃത്തി നടന്ന സ്ഥലം കണ്ടെത്തുന്നതിനു വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു.
- പ്രവര് ത്തി നടക്കുന്ന സ്ഥലങ്ങളുടെ പ്രത്യേകിച്ച് ചെറുകിട നാമമാത്ര കർഷകരുടെ പേരു വിവരങ്ങള് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഭൂവുടമകളുടെ കരമടച്ച രസീത് കാണാന് കഴിഞ്ഞിട്ടുമില്ല .
- കിണർ നിർമ്മാണം മോഹനൻ( IF/217317) എന്ന പ്രവര്ത്തിയിലെ മസ്റ്റര് റോള് ടോട്ടൽ അറ്റൻ ണ്ട സ്പരിശോധിച്ചപ്പോള് വെട്ടിത്തിരുത്തലുകൾ കാണാൻ സാധിച്ചു

**CIB യെ കുറിച്ചുള്ള വിവരങ്ങള്**

- പദ്ധതിയുടെ നടത്തിപ്പിന് റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി തൊഴിലുറപ്പില് സ്ഥാപിക്കാറുള്ള സിറ്റിസണ് ഇന് ഫര് മേഷന് ബോര് ഡ് എല്ലാ സ്ഥലങ്ങളിലും കാണാന് കഴിഞ്ഞില്ല.എന്നാല് അതിനുള്ള ചെലവുകള് വന്നതായി എസ്റ്റിമേറ്റ്,എം ബുക്ക് എന്നിവയില് നിന്നും മനസ്സിലാക്കാനും കഴിഞ്ഞു (കിണർ നിർമ്മാണം ഇബ്രാഹിം എന്ന ഫയലിൽ എം.ബുക്കിൽ 3000 രൂപ വകവരുത്തിയിട്ടുണ്ട്) ഇത് ധനനഷ്ടമായി

കണക്കാക്കുന്നു..പരിശോധിച്ച 4പ്രവൃത്തികളില്  1സ്ഥലത്ത്( ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്, ജലസംരക്ഷണം) മാത്രമാണ് സിറ്റിസണ്  ഇന്ഫര്മേഷന് ബോര്ഡ് കാണാന്  കഴിഞ്ഞിട്ടുള്ളത്.

**അവകാശ നിഷേധങ്ങള്**

**പണിയായുധങ്ങളുടെ മൂർച്ച കൂട്ടുന്നതിനുള്ള പണം**

തവനൂർ പഞ്ചായത്തിൽ ആയുധങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട് എന്നാൽ ഇത് വർഷങ്ങൾക്കു മുൻപ് നൽകിയതാണ് മൂർച്ചഎല്ലാം പോയി കഴിഞ്ഞിരിക്കുന്നു... മൂർച്ച കൂട്ടുന്നതിന് ആവശ്യമായ പണം പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്നില്ല... മൂർച്ച ഇല്ലാത്ത ആയുധങ്ങളും ഉപയോഗിക്കുന്നതിലൂടെ കൃത്യമായ സമയത്ത് തൊഴിൽ നടന്നുപോകാതെ വരുന്നു...അതുകൊണ്ടുതന്നെ ചില ആയുധങ്ങൾ സ്വന്തം വീട്ടിൽ നിന്നും കൊണ്ടുവരുന്ന വരുണ്ട് അവർക്ക് sharpening ചാർജ്ജ് ലഭ്യമാക്കുന്നുണ്ട് എന്ന് അറിയിച്ചു.

**തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ**

പ്രവർത്തി സ്ഥലത്ത് അപ്രതീക്ഷിതമായി എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകാൻ ഉള്ള സംവിധാനമായ ഫസ്റ്റ് എയ്ഡ് ബോക്സ് മേറ്റ് സ്വന്തം ചെലവിൽ പണം ഉപയോഗിച്ചാണ് വാങ്ങിയിട്ടുള്ളത് അല്ലാതെ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല...

തൊഴിൽ സ്ഥലത്ത് വിശ്രമിക്കാനുള്ള തണൽ ഒരുക്കുന്നതിനുള്ള പന്തൽ കാണാൻ കഴിഞ്ഞില്ല. മാത്രമല്ല കുടിവെള്ള സൗകര്യമൊരുക്കുന്നതിന് കൃത്യമായ ഒരു രീതിയില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത് ചില ദിവസങ്ങളിൽ തൊഴിലാളികൾ കൊണ്ടുവരും ചില ദിവസങ്ങളിൽ വീട്ടുടമയിൽ നിന്നും ലഭിക്കും. മറ്റു ചിലപ്പോൾ തൊഴിലിടങ്ങളിൽ തൊഴിലാളികൾ ചൂടാക്കി എടുക്കും എന്നാണ് കുടിവെള്ള സൗകര്യത്തെ പറ്റി തൊഴിലാളികൾ പറഞ്ഞത്.കുടിവെള്ളത്തിനു വേണ്ടിയിട്ടുള്ള കുടം ക്ലാസ്സ് തുടങ്ങിയവയെല്ലാം സ്വന്തം ചെലവിൽ തന്നെയാണ് വാങ്ങിയിട്ടുള്ളത് . അവർക്ക് ലഭ്യമായിട്ടുള്ള ബൂട്ട്സ് വളരെ ഭാരമേറിയതുംകൂടാതെ മഴക്കാലത്ത് വെള്ളം ഇറങ്ങിയ അവരുടെ കാലുകളിൽ അ ലർജി ഉണ്ടാകുന്നതായി അറിയാൻ കഴിഞ്ഞു അതുകൊണ്ടുതന്നെ അവർ അത്തരത്തിലുള്ള ബൂട്ട്സ്ഒഴിവാക്കി ചാക്കുകളും കവറുകളും ആണ് കാലിൽ കെട്ടിയിരിക്കുന്നത്. മഴയത്തും വെയിലത്തും പണിയെടുക്കുമ്പോൾ  ടാർപോളിൻ ഷീറ്റ് അത്യാവശ്യമാണ്.അല്ലെങ്കിൽ മഴക്കാലത്ത്

ഉപയോഗിക്കുന്നതിന് വേണ്ടി ഒരു റെയിൻകോട്ട് ആവശ്യമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ വാര് ഷിക മാസ്റ്റര് സര് ക്കുലറിലെ അധ്യായം 8- 8.2 പ്രകാരം പ്രവര് ത്തി .സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളുടെ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്.

## വിജിലന് സ് & മോണിറ്ററിംഗ് കമ്മറ്റി

പരിശോധിച്ച 4ഫയലുകളില് 1 ഫയലുകളിലാണ് സൈറ്റ് ഡയറി ഉണ്ടായിരുന്നത്.ഇവയില് എല്ലാം തന്നെ വിജിലന് സ് & മോണിട്ടറിംഗ് കമ്മറ്റിയിലെ അംഗങ്ങള് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.തൊഴിൽ തുടങ്ങുന്നതിനു മുമ്പ് വിഎംസി അംഗങ്ങൾ വരികയും ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് മേറ്റ് അറിയിച്ചു.. പ്രവർത്തന യോഗ്യമായ വി എംസി അംഗങ്ങളാണ് ഉള്ളത്

## നിരീക്ഷണങ്ങള്

<u>മേറ്റ്മാരെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്</u>

- പദ്ധതിയുടെ നടത്തിപ്പിന് മേല് നോട്ടം വഹിക്കുന്ന മേറ്റ് വത്സല. വളരെയധികം കഴിവുറ്റ ആളണ് ഇവരെപ്പറ്റി മനസ്സിലാക്കാന് കഴിഞ്ഞത. ആവശ്യമായ പരിശീലനങ്ങളും പിന്തുണയും നല് കിയാല് ഇവരുടെ സേവനം വാര് ഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് വലിയ മുതല് ക്കൂട്ടായിരിക്കും. തൊഴിലുറപ്പ് നിയമം, പരിസ്ഥിതി സംരക്ഷണം, നീര് ത്തടാതിഷ്ടിത വികസന സമീപനം എന്നിവയില് മേറ്റ്മാര് ക്ക് പ്രാഥമികമായ പരിജ്ഞാനം ഉണ്ടാവുന്നത് വാര് ഡിനെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമായിരിക്കും

<u>തൊഴില് കാര്ഡ് സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്</u>

വീടുവീടാന്തരം കയറിയിറങ്ങി തൊഴിലാളികളുടെ തൊഴില് കാര് ഡും അവരുടെ ബാങ്ക് പാസ്സ്ബുക്കും പരിശോധനക്ക് വിധേയമാക്കിയിരുന്നു. ഇതില് നിന്നും മനസ്സിലാക്കാന് കഴിഞ്ഞതനുസരിച്ച്തൊഴിൽ ചെയ്യുന്ന ദിവസങ്ങളിലെ അറ്റൻഡൻസ് വളരെ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട് .. ഈ വാർഡിലെ ഒട്ടുമിക്ക തൊഴിലാളികളും മറ്റൊരു ജോലിക്ക് പോകുന്നവരാണ് തൊഴിൽ അവശ്യമായസമയത്ത് ഒറ്റയ്ക്കോ കൂട്ടായോ പോയി തൊഴിൽ ഡിമാൻഡ് ചെയ്യുകയാണ് പതിവ് എന്ന് അറിയാൻ കഴിഞ്ഞു.കൂലി ലഭിക്കുന്ന ബാങ്ക് അക്കൌണ്ടിന് റെ പാസ്ബുക്ക് കൃത്യമായി രേഖപ്പെടുത്താത്തതിനാല് തൊഴിലാളികള് ക്ക് ലഭിച്ച വേതനത്തിന് റെ കൃത്യമായ

കണക്കുകളും മനസ്സിലാക്കാന്  കഴിയില്ല.

## മസ്റ്റര് റോള് മൂവ്മെന്റ്, പ്രവര് ത്തിയുടെ നടത്തിപ്പ്.

വാര് ഡിലെ തൊഴിലുറപ്പ് പ്രവര് ത്തനങ്ങള് നിരീക്ഷിച്ചപ്പോള് മനസ്സിലാക്കാന് കഴിഞ്ഞത് പ്രകാരം പ്രിന്റ് ചെയ്ത മസ്റ്റര് റോള് പ്രവര്ത്തി സ്ഥലത്തെത്തിക്കുന്നത് മേറ്റ് തന്നെയാണ്.. മസ്റ്റർറോൾ പ്രിൻറ് ചെയ്ത കോപ്പി കൊണ്ടുവരുന്നതിനും തിരിച്ചു കൊണ്ടു പോകുന്നതിനു യാത്ര ചിലവ് ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് മേറ്റിൽ നിന്നും അറിയാൻ സാധിച്ചു. കൂടാതെ ഇതിനുള്ള യാത്ര ചിലവ് ലഭിക്കാനുള്ള സാധ്യതയെ കുറിച്ചും മേറ്റ് ചോദിച്ചു. മസ്റ്റർ റോൾ കൊണ്ട് പോവുന്നതും തിരിച്ചു കൊണ്ടുവരുന്നതും പഞ്ചായത്തിലെ തൊഴിലുറപ്പു ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണ്.

## പ്രവൃത്തികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിരീക്ഷണങ്ങള് .

വ്യക്തിഗത ആസ്തികള് സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവര് ത്തനങ്ങളില് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോള് ദുര് ബല വിഭാഗങ്ങള് ക്ക് ഉയര് ന്ന പരിഗണന നല് കിയതായി കാണാന് കഴിയുന്നുണ്ട്. ഇതും നല്ല പ്രവണതയാണ്. ഏറെയും പാടത്തിന്റെ അടുത്തുകിടക്കുന്ന സ്ഥലമായതിനാൽ വെള്ളം കെട്ടി നിൽക്കുന്നു അത് വലിയൊരു പ്രശ്നമാണ് ഈ വാർഡിൽ അതിനാൽ ഇത്തരം സാഹചര്യങ്ങൾ മുന്നിൽകണ്ടു കൊണ്ടാണ് ഏറെ പ്രവർത്തികൾ ഈ വാർഡിൽ ചെയ്തിരിക്കുന്നത്.

## പദ്ധതിപ്രവര് ത്തനങ്ങള് സംബന്ധിച്ച സ്ഥല പരിശോധനയില് മനസ്സിലാക്കാന് കഴിഞ്ഞ കാര്യങ്ങള് .

വ്യക്തിഗത ഗുണഭോക്താക്കള് വരുന്ന പ്രവൃത്തികള് ക്ക് പൊതുവേ ഉയര് ന്ന ഗുണനിലവാരം കാണാന് കഴിഞ്ഞു. മാത്രമല്ല ഗുണഭോക്തൃവിഹിതം കൂടി ചെലവഴിച്ച് ഇത്തരം ആസ്തികള് മെച്ചപ്പെടുത്താന് ശ്രമിച്ചിട്ടുണ്ട്. ഭൂവികസന പ്രവര് ത്തനങ്ങള് പല പേരുകളിലായിട്ടുള്ള പദ്ധതികളായിട്ടാണ് നടപ്പില് വരുത്തുന്നത്. ചെറുകിട നാമമാത്ര കര് ഷകരുടെ ഭൂമിയില് മണ്ണ് ജല സംരക്ഷണം, ദുര് ബല വിഭാഗങ്ങളുടെ ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവര് ത്തനങ്ങള് , തരിശ് ഭൂമി കൃഷി യോഗ്യമാക്കല് എന്നിങ്ങനെയുള്ള പദ്ധതികള് ക്കെല്ലാം സമാന സ്വഭാവമുള്ള പ്രവര്ത്തികളാണ്.

- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്, ജലസംരക്ഷണം എന്ന പ്രവൃത്തിയിൽ ഏകദ്ദേശം 13 വീടുകൾ സന്ദർശിച്ചു. പച്ചക്കറിക്കുഴികളും മഴക്കുഴികളും എർത്ത് ബണ്ടുകളും കാണാൻ സാധിച്ചു.ഈ പ്രവര്‍ ത്തനങ്ങളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളുമല്ല നടന്നിരിക്കുന്നത് കാരണം എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ള സ്റ്റോൺ ബണ്ടുകളൊന്നും നിർമ്മിച്ചതായി കാണാൻ സാധിച്ചില്ല.. പല കുഴികളും വാഴ, ചേന, ചേമ്പ് എന്നിങ്ങിനെയുള്ള കാര്‍ ഷിക വിളകള്‍ നട്ടിരിക്കുന്നതായും കാണാന്‍ കഴിഞ്ഞു. എല്ലാ സ്ഥലങ്ങളിലും ഒരേ സ്വഭാവമുള്ള പ്രവൃത്തികള്‍ നടന്നിരിക്കുന്നതിനാല്‍ ഒരു പുരയിടത്തില്‍ നടന്നിട്ടുള്ള പ്രവൃത്തി ഏത് പദ്ധതിയുടെ ഭാഗമായുള്ളതാണ് എന്ന് മനസ്സിലാക്കാന്‍ പറ്റാത്ത അവസ്ഥയാണുള്ളത്. മേറ്റിനുപോലും ഇത് മനസ്സിലാക്കിയെടുക്കാന്‍ പറ്റുന്നില്ല. മാത്രമല്ല ഓഫീസിലെ പ്രസ്തുത പ്രവൃത്തികളുടെ വര്‍ ക്ക് ഫയല്‍ പരിശോധിച്ചപ്പോള്‍ വ്യക്തിഗത ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള യാതൊരുവിധ രേഖകളും കാണാനും കഴിഞ്ഞില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളല്ല നടന്നിരിക്കുന്നത് എന്നതിനാല്‍ പ്രവൃത്തികളുടെ അളവുകള്‍ പരിശോധിക്കാനും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. കുഴികളുടെ എണ്ണമെടുക്കാന്‍ പോലും പറ്റാത്ത രീതിയില്‍ കുഴികളില്‍ വാഴകളും, ചേമ്പ്, ചേന എന്നിവയും നട്ട് പോയിട്ടുണ്ട്. ഇത്തരത്തില്‍ സ്വകാര്യ വ്യക്തികളുടെ ഭൂമിയില്‍ പ്രവര്‍ ത്തികള്‍ നടക്കുമ്പോള്‍ ഉടമസ്ഥരും കൂടി പണിക്കിറങ്ങണം എന്ന് നിയമമുണ്ടെങ്കിലും പലയിടത്തും അത് സംഭവിക്കുന്നില്ല..

- എം. ബുക്ക് പ്രകാരം ക്യൂബിക്ക് മീട്ടരിൽ 81.13 രൂപ പ്രകാരം 12 പച്ചക്കറിക്കുഴിക്ക് 973.56 രൂപയാണ് വേണ്ടത്. പ്രവൃത്തി സ്ഥലത്ത് 575 പച്ചക്കറിക്കുഴികൾ കാണാൻ സാധിച്ചു. കാരണം വെള്ളം കെട്ടി നിൽക്കുന്ന സ്ഥലമായതിനാൽ എർത്ത് ബണ്ടുകൾക്ക് പകരം പച്ചക്കറി കുഴികൾ എടുത്തു എന്നാണ് അറിയാൻ കഴിഞ്ഞത്. എം ബുക്ക് പ്രകാരം 458 എർത്ത് ബണ്ടുകൾക്ക് ഒരു ക്യൂബിക്ക് മീട്ടറിന് 159.38 രൂപ വീതം 77576 രൂപയാണ് വേണ്ടത് എന്നാൽ പ്രവൃത്തി സ്ഥലത്ത് 25 ബണ്ടുകളാണ് കാണാൻ സാധിച്ചത്. എം ബുക്ക് പ്രകാരം 72 മഴക്കുഴിക്ക് ഒരു ക്യൂബിക് മീറ്ററിന് 99 19 രൂ വീതം 7141.68 രൂപയാണ്വേണ്ടത്. എന്നാൽ പ്രവൃത്തി സ്ഥലത്ത് 55 മഴക്കുഴികളാണ് കാണാൻ സാധിച്ചത്. എം.ബുക്ക് പ്രകാരം ആകെ പ്രവൃത്തിക്ക് 9558278 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ 56339.7 രൂപയുടെ പ്രവൃത്തിയാണ് ആകെ നടന്നിരിക്കുന്നത്. ഇത് സർക്കാരിനു വന്ന നഷ്ടമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതിനു ബാധ്യസ്ഥരമാണെന്നും സോഷ്യൽ ഓഡിറ്റ് ടീമിന് മനസ്സിലായതായും ഗ്രാമസഭയ്ക്ക് മുൻപിൽ അവതരിപ്പിക്കുന്നു.

- കിണർ നിർമാണം മോഹനൻ കിണർ വളരെ ഗുണ നിലവാരം പുലർത്തുന്നതാണ്.. തൊഴിലിനുവേണ്ടി ചെലവഴിച്ച തുക ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. മോഹനൻ ഭാര്യ രാധ എന്നിവർ പണിയെടുത്തിട്ടുണ്ട്.. ബാക്കിയുള്ള ആളുകളെ ഇവർ കൂലിക്ക് വെച്ചി

ട്ടാണ് കിണർ പണി പൂർത്തീകരിക്കുന്നത്...

- കിണർ നിർമ്മാണം ഇബ്രാഹിം, കിണർ വളരെ ഗുണമേന്മയുള്ളതാണ് എന്നാൽ പണിയുടെ സുതാര്യത കൊടുക്കുന്നതിനു വേണ്ടിയുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് എം ബുക്കിൽ രേഖപ്പടുത്തിയിട്ടുണ്ട്. എങ്കിലും പണി സ്ഥലത്ത് വെച്ചിട്ടില്ല ഇതിലേക്കായി 3000 രൂപ വകയിരുത്തിയിട്ടുണ്ട്.. കിണർപണി സമയത്ത് ഇബ്രാഹിം കുടുംബാംഗങ്ങളും കിണർ പണിയിൽ സഹായിച്ചിട്ടുണ്ട്.. മസ്റ്റർ പ്രകാരമുള്ള ഉള്ള കുറച്ചു തുക ലഭിച്ചതായി അറിയാൻ കഴിഞ്ഞു..

- IHHL അംബിക ദേവി, ടോയ്ലെറ്റ് വളരെ ഗുണനിലാവാരം പുലർത്തുന്നതാണ്. വീട്ടിൽ നിലവിൽ ആൾ താമസമില്ലാത്തതിനാൽ കൂടുതൽ വിവരങ്ങളാ ന്നും അറിയാൻ സാധിച്ചില്ല.

.

പ്രവര്ത്തികളുടെ ഗുണമേന്മ സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്

ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്, ജല സംരക്ഷണം എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളല്ല കാണാൻ സാധിച്ചത്. പിന്നെയുള്ള മൂന്ന് പ്രവൃത്തികളിലും എസ്റ്റിമേറ്റില് പറയും പ്രകാരംതന്നെയാണ് പ്രവര് ത്തികളൾ നടന്നിട്ടുള്ളത്.ആവശ്യമായ അളവുകൾ അളവുകോൽ ഉപയോഗിച്ച് ചിട്ടപ്പെടുത്തുന്നുണ്ട് അത് നേരിൽ കാണാൻ സാധിച്ചു.. എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരം തന്നെയാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്.. വേസ്റ്റ് കുഴി , കക്കൂസ് കുണ്ട്, veg pit,rain pit എന്നിവയെല്ലാം അളവനുസരിച്ച് തന്നെയാണ്.

മെറ്റീരിയൽ വർക്ക് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

എല്ലാ വർക്കുകളിലും സാധന ഖടകം എസ്റ്റിമേറ്റ് പ്രകാരം ഉണ്ട്.എന്നാൽ പ്രോക്യൂർമെന്റ് കമ്മറ്റികളെ ഒരു ഫയലിൽ പോലും കാണാൻ കഴിഞ്ഞില്ല.മാത്രമല്ല MIS പ്രകാരം കണ്ട ബില്ലുകൾ ഫയലിൽ കാണാൻ കഴിഞ്ഞില്ല.

സംയോജിത പദ്ധതികൾ സംബന്ധിച്ച നിരീക്ഷണങ്ങൾ

രേഖകൾ പ്രകാരം സംയോജിത പദ്ധതികൾ സോഷ്യൽ ഓഡിറ്റ് കാലയളവിൽ വിരളമായേ കാണുകയുണ്ടായിട്ടുള്ളു. എന്നാൽ പ്രായോഗിക തലത്തിൽ പല പദ്ധതികളും സംയോജിത സ്വഭാവമുള്ളതാണ്.വ്യക്തിഗത കക്കൂസ് നിർമ്മാണങ്ങളും ഗുണഭോക്തൃവിഹിതം അടക്കം ചെലവഴിച്ച് ഉയർന്ന ഗുണനിലവാരത്തിൽ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രായോഗികതലത്തിൽ

സംയോജിത പദ്ധതികളായി തന്നെ പരിഗണിക്കാവുന്നതാണ് എന്നാൽ ഫയലുകൾ പ്രകാരം അത്തരത്തിലല്ല കാണുന്നത്.

<u>പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ അഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ</u>

കാലാവസ്ഥാ വ്യതിയാനത്തിന് റെ കെടുതികൾ ധാരാളം നിശബ്ദമായി പ്രതിഫലിക്കുന്ന ഒരു വാർഡാണ് തൃക്കണാപുരം വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ പൊതു സ്വഭാവത്തിൽ തന്നെ ഇത് പ്രതിഫലിക്കുന്നുണ്ട്. കിണറുകൾ അവയ്ക്കുള്ള ആൾമറകൾ എന്നിവയെല്ലാം ഇതിനുള്ള ഉദാഹരണമാണ്. ആസന്നമായ ഒരു ജല ദാരിദ്ര്യത്തിന് സൂചകങ്ങളാണ് ഇത്. കാലാവസ്ഥാ മാറ്റത്തിന് പ്രതിരോധിക്കാൻ തക്ക രീതിയിലുള്ള പദ്ധതികൾ കണ്ടെത്തി നടപ്പിൽ വരുത്തുന്നത് വാർഡിന് ഗുണകരമായിരിക്കും. വാർഡിൽ ലഭ്യമായ സ്ഥലങ്ങളിലെല്ലാം പച്ചപ്പ് വളർത്തിയെടുത്ത് ചൂട് നിയന്ത്രിക്കാൻ ശ്രമിക്കുന്നത് ഗുണകരമായിരിക്കും. പൊതുവായ ഉപയോഗങ്ങൾക്ക് ലഭ്യമായ രീതിയിലുള്ള കുളങ്ങളുടെ നവീകരണം ഹൈവേയുടെ ഓരങ്ങളിലും മറ്റ് റോഡരികുകളിലും തണൽമരങ്ങളും ഫലവൃക്ഷങ്ങളും നട്ടുവളർത്തി വഴിയാത്രക്കാർക്കും തദ്ദേശീയർ ക്കും കുളിർമ്മയും നാടിന് പോഷക സമ്പന്നതയും ഉറപ്പുവരുത്തുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.


**ഓഡിറ്റ് ടീം**

**1.സ്വാതി .കെ .കെ(കുറ്റിപ്പുറം ബ്ലോക്ക്)**

**2. ശ്രുതി . പി(പൊന്നാനി ബ്ലോക്ക്)**

**3. ആതിര . കെ. സി (പൊന്നാനി ബ്ലോക്ക്)**

തൊഴിലാളികൾ എഴുതിത്തന്ന പരാതി




W/10 തൃക്കണാപുരം വെസ്റ്റ്
തവനൂർ പഞ്ചായത്ത്

തൊഴിലാളികൾക്ക് ആവശ്യമായ ജോലി കിട്ടിട്ടില്ല. കൈയുറ ഉപയോഗിക്കാനാവശ്യമായ കുട്ടാണ്, ടാർപോളിൻ, ഷീറ്റ്, വലന്ന് കുടിവെള്ളത്തിനായിട്ടുള്ള കുടം എന്നിവ മേറ്റ് സ്വന്തം ചിലവിലാണ് വാങ്ങിയിരിക്കുന്നത് മാസങ്ങളായി വേതനം കിട്ടിട്ടില്ല. പഞ്ചായത്തി ന്ന ലഭിച്ച ആയുധങ്ങൾ മൂർച്ചയില്ല.


1) കോച്ചി
2) കാളി
3) വത്സല
4) [illegible]
5) ദേവകി
6) ഇന്ദിര
7) ജാനകി
8) വേലു
9) തങ്കമ്മ

SHOT ON REDMI NOTE5 PRO
MI DUAL CAMERA

ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണം സന്ദർശിച്ച വീടുകൾ



**മസ്റ്ററോളിൽ കണ്ട വെട്ടിത്തിരുത്തലുകൾ**



## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

തവനൂർ പഞ്ചായത്ത് വാർഡ് 10 തൃക്കണാപുരം വെസ്റ്റ് 2018- 19 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 9 /11/ 2019 ശനിയാഴ്ച രാവിലെ 10 മണിക്ക് കുണ്ടുകാട് ജാറം ഹാളിൽ വച്ച് സംഘടിപ്പിച്ചു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യില് കഴിഞ്ഞ വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ തൊഴിലാളിയായ കോമളം എന്ന ചേച്ചിയെഅധ്യക്ഷ യായി തൊഴിലാളികളുടെ പൂർണ സമ്മതത്തോടുകൂടി തെരഞ്ഞെടുത്തു. യോഗത്തിൽ വാർഡ് മെമ്പർ ശ്രീമതി സിന്ധു സി പി ,പഞ്ചായത്ത് അക്രഡിറ്റഡ്എൻജിനീയർ ശ്രീമതി അമ്പു ഗണേശൻ, തൊഴിലുറപ്പ്തൊഴിലാളികൾ, വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ ,പാടശേഖര കമ്മിറ്റി അംഗങ്ങൾ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ആയ അഞ്ചു പി എസ്, വില്ലേജ് റിസോഴ്സ് പേഴ്സൺ മാരായ സ്വാതി കെ കെ, ശ്രുതി പി, ആതിര കെ സി, എന്നിവർ പങ്കെടുത്തു.നാൽപ്പതോളം പേരുടെ സജീവപങ്കാളിത്തം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യില് ഉണ്ടായിരുന്നു. സ്വാഗതം പറയുന്നതിന് വേണ്ടി അധ്യക്ഷ മെമ്പർ ശ്രീമതി: സിന്ധു സിപി യെക്ഷണിച്ചു.. വാർഡ് മെമ്പർ സ്വാഗതം പറഞ്ഞു. തൊഴിലുറപ്പ് തൊഴിലാളികളെയും മറ്റ് ഉദ്യോഗസ്ഥരെയും യും യോഗത്തിൽ പങ്കെടുക്കാനെത്തിയ കുടുംബശ്രീ പ്രവർത്തകരെയും യും മറ്റെല്ലാവരെയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യിലേക്ക് സ്വാഗതം ചെയ്തു.. ശേഷം അധ്യക്ഷയുടെ സമ്മതത്തോടുകൂടി വില്ലേജ് റിസോഴ്സ് പേഴ്സൺ ആയ ആതിര കെ സി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു..ഫയൽ പരിശോധനയെ കുറിച്ചും ഫീൽഡ് തല സന്ദർശനത്തെക്കുറിച്ച് വിശദമായി പറഞ്ഞു..ശേഷം വിശദമായ ചർച്ച നടത്തുകയും ചെയ്തു തൊഴിലാളികൾ, ജനപ്രതിനിധി കൾ, പാടശേഖര സമിതി അംഗങ്ങൾ ,തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ സജീവമായി പങ്കെടുക്കുകയും തൊഴിലാളികളുടെ സംശയങ്ങൾക്ക ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകുകയുംചെയ്തു. തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ലഭ്യമാകേണ്ട അവശ്യവസ്തുക്കൾ ആയ പ്രഥമ ശുശ്രൂഷ കിറ്റ്, സുരക്ഷാ ഉപകരണങ്ങൾ , തണൽനൽകുന്നതിന് ആവശ്യമായ ടാർപോളിൻ ഷി ട്ട്എന്നിവ ഒരുക്കി കൊടുക്കുന്നതിനെ കുറിച്ച് സംസാരിച്ചു.. തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്ന തിനെക്കുറിച്ചും ബാങ്ക് ഉദ്യോഗസ്ഥരിൽനിന്നും തൊഴിലാളികൾ നേരിടുന്ന മോശം അനുഭവങ്ങളെക്കുറിച്ചും ആസ്തി നിർമ്മിതപ്രവർത്തികൾ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിപുലമായി ചർച്ചചെയ്തു.തൊഴിൽ സ്ഥലത്ത് ഏതെങ്കിലും തരത്തിൽ അപകടങ്ങൾ സംഭവിച്ചാൽ ചെയ്യേണ്ട നടപടികളെക്കുറിച്ച് ബോധവൽക്കരണം നടത്തി.പദ്ധതിയുടെ സുതാര്യത ഉറപ്പു നൽകുന്നതിനു വേണ്ടിയുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പലസ്ഥലങ്ങളിലും കാണാത്തതിനെ കുറിച്ച് സംസാരിച്ചപ്പോൾ അതിനുവേണ്ടിയുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാൻ കാലതാമസം നേരിടുന്നതു എന്ന് അക്രെഡിറ്റഡ് എഞ്ചിനീയർ അറിയിച്ചു.തൊഴിലാളികളിൽ നിന്നും മഴക്കാലത്ത് ഉപയോഗിക്കുന്നതിന് വേണ്ടി മഴക്കോട്ട് ലഭ്യമാക്കമോ എന്ന ചോദ്യമുയർന്നു.. നിലവിൽ അതിനുവേണ്ടിയുള്ള ഫണ്ട് ലഭ്യമല്ല എന്നാണ് ഉദ്യോഗസ്ഥർ അറിയിച്ചത്.നിലവിൽ മേറ്റ് സ്വന്തം ചെലവിലാണ് പ്രഥമശുശ്രൂഷ കിറ്റും മറ്റ് അവശ്യ

മായ സാധനങ്ങളും തൊഴിൽ സ്ഥലങ്ങൾ വാങ്ങി വച്ചിരിക്കുന്നത്.. കൂടാതെ മാറ്റ് തന്നെയാണ് ആണ് പ്രവർത്തി സ്ഥലത്തേക്കും കൂടാതെ തിരിച്ച് പഞ്ചായത്തിലേക്ക് മസ്റ്റർ റോൾ കൊണ്ടുപോകുന്നതും കൊണ്ടുവരുന്നതും അതും എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ് എന്ന് ചൂണ്ടിക്കാട്ടി.19 വാർഡുകൾ അടങ്ങുന്ന ഒരു വലിയ  പഞ്ചായത്താണ് തവനൂർ പഞ്ചായത്ത്ആയതുകൊണ്ട് തന്നെ എല്ലാ ഇടങ്ങളിലേക്ക് മസ്റ്റർ റോൾ കൊണ്ടു പോകുന്നതും വരുന്നതും ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ അറിയിച്ചു. മെറ്റി ന് ചിലവായ തുക ബില്ല് സമർപ്പിച്ചാൽ നൽകാമെന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ ഉറപ്പുനൽകി..പ്രവർത്തിയുടെ ഫയലിലും പ്രവർത്തി സ്ഥലത്തും പ്രവർത്തിയുടെ വിവരങ്ങൾ അളവുകൾ സ്വഭാവം എന്നിവ എല്ലാവർക്കും മനസ്സിലാക്കുന്നതിനായി ജനകീയ എസ്റ്റിമേറ്റ് പ്രവർത്തിയിൽ സൂക്ഷിക്കനം എന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു..എന്നാൽ ഇത് പ്രിൻറ് ചെയ്ത് എടുക്കുന്നതിനു വേണ്ടി ഉള്ള പേപ്പറിന് അപര്യാപ്തതമൂലം ആണെന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ പറഞ്ഞു..എന്നാൽ ഇനി വരുന്ന പുതിയ പ്രവർത്തികളിൽ ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായും ഉൾപ്പെടുത്തുമെന്നും അവർ പറഞ്ഞു..നിലവിൽ പഞ്ചായത്തിൽ നിന്നും ലഭ്യമായിരിക്കുന്ന ആയുധങ്ങളും പ്രവർത്തി സ്ഥലത്ത് ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇ ത് കാലപ്പഴക്കം കൊണ്ട് മൂർച്ച നഷ്ടപ്പെട്ടിരിക്കുന്നു. മൂർച്ച കൂട്ടുന്നതിന് വേണ്ടിയുള്ള പണം ലഭ്യമായിട്ടില്ല..

**തീരുമാനങ്ങൾ:**

1.പ്രവർത്തിയുടെ ഫയലിലും പ്രവർത്തി സ്ഥലത്തും പ്രവർത്തിയുടെ വിവരങ്ങൾ എന്നിവ എല്ലാവർക്കും കും മനസ്സിലാക്കുന്നതിനായി ജനകീയ എസ്റ്റിമേറ്റ് പ്രവർത്തനങ്ങളിൽ സൂക്ഷിക്കുന്ന തീരുമാനമായി

2. മേറ്റ് ചിലവായ ബില്ല്സഹിതം കൊണ്ടുവന്നാൽ പഞ്ചായത്തിൽ നിന്ന്നൽകാമെന്ന് തീരുമാനമായി

3.ബാങ്ക് ഉദ്യോഗസ്ഥരിൽ നിന്ന് നേരിടുന്ന മോശം പെരുമാറ്റത്തെക്കുറിച്ച് അന്വേഷിച്ചു ഉചിതമായ നടപടി എടുക്കാൻ തീരുമാനമായി...ഇതിനു വേണ്ടി എല്ലാ തൊഴിലാളികളും എഴുതി ഒപ്പിട്ട ഒരു പരാതി വാർഡ് മെമ്പർ മുഖേന ബാങ്കിൽ സമർപ്പിക്കാൻ തീരുമാനിച്ചു.

4.പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിരിക്കുന്ന പണിയായുധങ്ങളുടെ മൂർച്ച കൂട്ടുന്നതിനുള്ള പണം ലഭ്യമാക്കാനുള്ള തീരുമാനം.

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ അധ്യക്ഷയുടെ അംഗീകാരത്തിനായി മുന്നോട്ടുവച്ചു ശേഷം തീരുമാനങ്ങൾ അംഗീകരിച്ചുകൊണ്ട് ഗ്രാമസഭ കയ്യടി യിൽസമ്മതം അറിയിക്കുകയും ചെയ്തു.തൊഴിലുറപ്പ് തൊഴിലാളിയായ ശ്രീമതി വത്സല എന്ന ചേച്ചി നന്ദി രേഖപ്പെടുത്തി ശേഷം 12 മണിക്ക് ഗ്രാമസഭ അധ്യക്ഷ പിരിച്ചുവിട്ടു.